**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5151** **02-11-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ/മണ്ണ് സംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXV-ാം ഘട്ടത്തിൽ അനുമതി നൽകിയ കിഴക്കഞ്ചേരി പഞ്ചായത്തിലെ പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതി, വണ്ടാഴി പഞ്ചായത്തിലെ നേർച്ചപ്പാറ മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | 49.1 ലക്ഷം രൂപ അടങ്കലുള്ള പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതിയിൽ നാളിതുവരെ 25.81 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നേർച്ചപ്പാറ മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ നാളിതുവരെ 23.13 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ? | (സി) | ആർ.ഐ.ഡി.എഫ് XX-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 11 കുളങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പദ്ധതിയുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1 | അരിയൻകോട് കുളം | തേങ്കുറിശ്ശി |
| 2 | പുത്തൻകുളം (പുന്നൂർ കുളം ) | തേങ്കുറിശ്ശി |
| 3 | തെക്കുമുറി കുളം | കുഴൽമന്ദം |
| 4 | പാൻകുളം (പനകുളം ) | കുഴൽമന്ദം |
| 5 | കാട്ടുമൂച്ചി കുളം | കുഴൽമന്ദം |
| 6 | പുല്ലുപാറകുളം | കുഴൽമന്ദം |
| 7 | പുത്തങ്കാട്ടു കുളം | കുഴൽമന്ദം |
| 8 | തച്ചൻകോട്ടുകുളം | കുഴൽമന്ദം |
| 9 | കുമൻകുളം | കുഴൽമന്ദം |
| 10 | വലിയപ്പാടം കുളം (വലിയകുളം) | കുഴൽമന്ദം |
| 11 | മരുതൂർ ക്ഷേത്രക്കുളം | കുഴൽമന്ദം |